**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4392 — 13.11.2019-ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പ്രളയത്തിലും കാലവർഷക്കെടുതിയിലും വീടുകൾ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി എത്ര തുകയാണ് നൽകിവരുന്നത്; എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | എ) | കാലവർഷക്കെടുതിയിൽ പൂർണ്ണമായും തകർന്ന വീടുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 6 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2018-ലെ കാലവർഷക്കെടുതിയിൽ പൂർണ്ണമായും തകർന്ന 604 വീടുകളും 2019 വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ 448 വീടുകളും പൂർണ്ണമായും തകർന്നിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിൽ 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതിയിലും 2733 വീടുകൾ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായി. പ്രസ്തുത വീടുകൾ പുനർനിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ ധനസഹായം നൽകുന്നു. പട്ടികജാതി വികസന വകുപ്പിൽ ആദ്യം അപേക്ഷ സമർപ്പിച്ച 245 പേർക്ക് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 170 പേർ നിർമ്മാണം ആരംഭിക്കുകയും 97 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ധനസഹായം കൈപ്പറ്റാത്ത 75 പേർ ഉൾപ്പെടെ മറ്റുള്ളവർക്ക് റവന്യൂ വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) | ഗുണഭോക്താക്കൾക്ക് യഥാസമയം തുകവിതരണം ചെയ്യാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പേർക്കാണ് മുഴുവൻ തുകയും വിതരണം ചെയ്യാൻ കഴിഞ്ഞത്; നാളിതുവരെ ഒരു ഗഡു പോലും വിതരണം ചെയ്യാത്ത എത്ര ഗുണഭോക്താക്കൾ നിലിവിലുണ്ട്; എത്ര | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 604 ഗുണഭോക്താക്കളിൽ കരാറിൽ ഏർപ്പെട്ട 442 ഗുണഭോക്താക്കൾക്ക് വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ജില്ലാതല ഓഫീസർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനു പുറമെ റവന്യൂ വകുപ്പ്, സഹകരണ വകുപ്പ്, സന്നദ്ധ സംഘടനകൾ മുഖേനയും ധനസഹായം |

| | | | |
|---|---|---|---|
| | വീടുകൾ പൂർത്തിയായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | | അനുവദിച്ചു വരുന്നു. ആയതിൽ 15 പേരുടെ ഭവന നിർമ്മാണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. കരാർ ഏർപ്പെടാത്ത 162 ഗുണഭോക്താക്കളാണ് ഉള്ളത്. ടിയാളുകളെ കൂടി കരാറിൽ ഒപ്പുവച്ച് ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിൽ നിന്ന് 97 പേർക്ക് മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്. അനുവദിച്ച 245-ൽ 75 പേർ നിലവിൽ ഒരു ഗഡു തുകയും കൈപ്പറ്റിയിട്ടില്ല. ഇവർക്ക് റവന്യൂ വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. 97 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 28 വീടുകൾ ഒന്നാം ഗഡുവിലും 19 വീടുകൾ രണ്ടാം ഗഡുവിലും 26 വീടുകൾ മൂന്നാം ഗഡുവിലും നിൽക്കുന്നു. ഇതിനായി 5,27,40,000/- രൂപ നാളിതു വരെ ചെലവഴിച്ചിട്ടുണ്ട്. |
| സി) | പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായിട്ടുപോലും യഥാസമയം പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ? | സി) | ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മാണം നടത്തുന്നത്. ആയതിനാൽ ഗുണഭോക്താക്കൾ നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം ചെയ്യുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടും സാധനസാമഗ്രികളുടെ ലഭ്യതക്കുറവും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ